**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3142** **07-10-2025 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വള്ളികുന്ന് മണ്ഡലത്തിലെ മൂന്നിയൂർ, ചേലേമ്പ്ര, വള്ളിക്കുന്ന്, തേഞ്ഞിപ്പലം, പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇലക്ട്രോ- മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി ഹൈകോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ വൈകുന്നത് പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല, ഉപരിതല സംഭരണി അനുബന്ധ ഘടകങ്ങളും ഉൾപ്പെടെയുള്ള പ്രവൃത്തികൾ സഹിതം നിലവിൽ പൂർത്തീകരണത്തോട് അടുക്കുകയാണ്. ഇതിൻറെ ഭാഗമായ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2023 എപ്രിൽ 18 ന് ടെണ്ടർ ഓപ്പൺ ചെയ്തുവെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ ടെൻഡറിൽ കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്ത കരാറുകാരനായ അശ്വതി ഏജൻസീസ് A ക്ലാസ്സ് ലൈസൻസ് ഇല്ലാതിനാൽ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാൻ സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കേരള ഹൈക്കോടതിയിൽ അശ്വതി ഏജൻസീസിന് നൽകിയ WP(C) 18544/2024 പ്രകാരം കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ ടി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാൻ സാധിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തി നടക്കാത്തതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ട്. |
| (ബി) | ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മേൽ വിഷയം കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ കോടതിയുടെ അന്തിമ വിധി വരുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ